(സി) മെസ്സേഴ്സ് എക്സൽ പ്രോപ്പർട്ടീസ് 40/882. ഇയ്യാട്ടിൽ ജംഗ്ഷൻ, കൊച്ചി എന്ന സ്ഥാപനം മാത്രമാണ് ടെണ്ടർ സമർപ്പിച്ചത്.

(ഡി) മെസ്സേഴ്സ് എക്സൽ പ്രോപ്പർട്ടീസ് എന്ന സ്ഥാപനത്തിന് സെന്റിന് 8,01,000 രൂപ നിരക്കിലാണ് ടെണ്ടർ ഉറപ്പിച്ചു നൽകിയത്.

(ഇ) ഇല്ല. ടെണ്ടർ വ്യവസ്ഥപ്രകാരം 30 ദിവസത്തിനകം 50 ശതമാനം വരുന്ന ഭൂമി വില അടയ്ക്കണമെന്ന വ്യവസ്ഥയാണ് പാലിക്കാത്തത്.

(എഫ്) ടെണ്ടർവ്യവസ്ഥ പ്രകാരം അലോട്ട്മെന്റ് ലെറ്റർ കൈപ്പറ്റി 30 ദിവസത്തിനകം ഭൂമിവിലയുടെ 50 ശതമാനം വരുന്നതുക അടയ്ക്കാത്തതും മുഴുവൻ തുകയും അടയ്ക്കുന്നതിനുമുമ്പായി ഇ.എം.ഡി. തുക വസ്തു വിലയിലേക്ക് വരവുവച്ചത് തെറ്റാണെന്നും, പണം അടയ്ക്കാൻ നേരിട്ട കാലതാമസം മാപ്പാക്കിക്കൊണ്ടും എക്സൽ പ്രോപ്പർട്ടീസിന്റെ അപ്പീലിൻമേൽ സർക്കാർ നൽകിയ നിർദ്ദേശം ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും പണം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വാഹനം വാങ്ങുന്നതിന് അനുമതി

98 (4533) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി വാഹനം വാങ്ങുന്നതിനായി കാസർകോട് ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കഴിഞ്ഞ രണ്ടുവർഷത്തിനകം അനുവാദത്തിനായി അപേക്ഷിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് വാഹനം വാങ്ങുന്നതിന് അനുമതി നൽകിയത് എന്നറിയിക്കാമോ ;

(സി) വാഹനം വാങ്ങുന്നതിനുള്ള കാസർകോട് ജില്ലാപഞ്ചായത്തിന്റെ അപേക്ഷ നിരസിച്ചത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉദുമ, മംഗൽപാടി, ചെൻമനാട്, മഞ്ചേശ്വരം, ചെങ്കള എന്നീ ഗ്രാമപഞ്ചായത്തുകൾ അനുവാദത്തിന് അപേക്ഷിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകൾക്കെല്ലാം അനുമതി നൽകിയിട്ടുണ്ട്.

(സി) നിരസിച്ചിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റി

99 (4534) ശ്രീമതി രാധാരാഘവൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയുടെ ഭരണസമിതിയംഗങ്ങൾ ആരെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly